പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6991 — 11/07/2014 – ൽ മറുപടിയ്ക്ക്

ഒൻപതാം ക്ലാസിൽ തോല്പിച്ചതിന്റെ മാനസികാഘാതത്തിൽ വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ ബേബി<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ഡോ. കെ. ടി ജലീൽ<br>ശ്രീ. ആർ. രാജേഷ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) ഒൻപതാം ക്ലാസിൽ തോല്പിച്ചതിന്റെ മാനസികാഘാതത്തിൽ മലപ്പുറത്തെ സുല്ല മുസ്ലാം ഓറിയന്റൽ സ്ക്കൂളിലെ വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവം സംബന്ധിച്ച് പരാതി ലഭിച്ചിരുന്നോ; അന്വേഷണം നടത്തുകയുണ്ടായോ; | (എ) മലപ്പുറത്തെ സുല്ല മുസ്ലാം ഓറിയന്റൽ സ്ക്കൂളിലെ കുമാരി. നിസ്‌ല . കെ.കെ. എന്ന വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവത്തിൽ കുട്ടിയുടെ മാതാവ് ബഹു: വിദ്യാഭ്യാസവകുപ്പ് മന്ത്രിയ്ക്ക് നൽകിയ പരാതിയിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) സ്കൂൾ സന്ദർശിച്ച് അന്വേഷണം നടത്തി. |
| (ബി) ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) അന്വേഷണ റിപ്പോർട്ട് പ്രകാരം സ്കൂൾ മാനേജർ, പ്രഥമാദ്ധ്യാപകൻ, 3 അദ്ധ്യാപകർ എന്നിവരുടെ ഭാഗത്ത് വീഴ്ചയുള്ളതായി ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് ബന്ധപ്പെട്ടവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. |
| (സി) സ്വകാര്യ അൺ -എയ്ഡഡ് സ്കൂളുകളിൽ ഒൻപതാം ക്ലാസിൽ വിദ്യാർത്ഥികളെ തോൽപ്പിക്കുന്ന ചട്ടവിരുദ്ധ നടപടികൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ? | (സി) ചട്ടവിരുദ്ധമായി കുട്ടികളെ 9-ാം ക്ലാസ്സിൽ തോല്പിക്കുന്നത് സംബന്ധിച്ച സംഭവങ്ങൾ ഉണ്ടോ എന്ന് അന്വേഷണം നടത്തി മേൽ നടപടി സ്വീകരിക്കാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ